# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ഫെബ്രുവരി 6**

---

വിദേശത്ത് ഇന്റേൺഷിപ്പിന് അവസരം

## എം.ടെക് അഡ്മിഷൻ തുടരുന്നു

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയിൽ എ.ഐ.സി.ടി.ഇ അംഗീകാരമുള്ള എം.ടെക് നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി കോഴ്സിന് അഡ്മിഷൻ തുടരുന്നു. വിദേശ രാജ്യങ്ങളിലെ സർവകലാശാലകളിൽ ഇന്റേൺഷിപ്പിന് അവസരമുള്ള കോഴ്സിലെ അവസാന വർഷ വിദ്യാർഥികളായ നാലു പേർക്ക് ഇത്തവണ വിദേശ ഫെലോഷിപ്പ് ലഭിച്ചിരുന്നു.

60 ശതമാനം മാർക്കോടെ ഫിസിക്സ്, കെമിസ്ട്രി, പോളിമർ സയൻസ്, ബയോടെക്നോളജി, നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി, ഇൻഡസ്ട്രിയൽ കെമിസ്ട്രി, ഇൻഡസ്ട്രിയൽ ഫിസികസ്, പോളിമർ കെമിസ്ട്രി എന്നിവയിൽ ഏതിലെങ്കിലും എം.എസ്.സി ബിരുദമോ കെമിക്കൽ എൻജിനീയറിംഗ്, മെക്കാനിക്കൽ എൻജിനീയറിംഗ്, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻസ്, പോളിമർ ടെക്നോളജി, ബയോടെക്നോളജി, നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി, മെറ്റലർജി, എൻജിനീയറിംഗ് ഫിസിക്സ്, ഇൻഡസ്ട്രിയൽ കെമിസ്ട്രി എന്നിവയിൽ ഏതിലെങ്കിലും ബി.ടെക് ബിരുദമോ ഉള്ളവരെയാണ് പരിഗണിക്കുന്നത്.

പട്ടികജാതി, പട്ടിക വർഗ വിഭാഗത്തിലെയും മറ്റ് അർഹ വിഭാഗങ്ങളിലെയും വിദ്യാർഥികൾക്ക് ഫീസ് ഇളവ് ലഭിക്കും. താത്പര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം സർവകലാശാലയിലെ സ്കൂൾ ഓഫ്

നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി ഓഫീസിൽ ഹാജരാകണം. ഫോൺ:9746237388, 9446866088, 9447709276.

(പി.ആർ.ഒ/39/145/2023)

## പ്രാക്ടിക്കൽ

2022 ഏപ്രിലിൽ വിജ്ഞാപനം പുറപ്പെടുവിച്ച നാലാം സെമസ്റ്റർ ബി.എ മൾട്ടി മീഡിയ(സി.ബി.സി.എസ്.എസ് 2016,2015, 2014 അഡ്മിഷനുകൾ സപ്ലിമെന്ററി, 2013 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി ഒൻപത്, പത്ത് തീയതികളിൽ ചങ്ങനാശേരി സെന്റ് ജോസഫ് കോളജ് ഓഫ് കമ്യൂണിക്കേഷൻസിൽ നടത്തും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

..........................

2022 ഏപ്രിലിൽ വിജ്ഞാപനം പുറപ്പെടുവിച്ച നാലാം സെമസ്റ്റർ ബി.എ ആനമേഷൻ ആന്റ് വിഷ്വൽ ഇഫക്ട്സ്(സി.ബി.സി.എസ്.എസ് 2016,2015, 2014 അഡ്മിഷനുകൾ സപ്ലിമെന്ററി, 2013 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷയുടെ 2 ഡി അനിമേഷൻ ഇൻ ഫ്ളാഷ് എന്ന പ്രാക്ടിക്കൽ പരീക്ഷ ഫെബ്രുവരി ഒൻപതിന് ചങ്ങനാശേരി സെന്റ് ജോസഫ് കോളജ് ഓഫ് കമ്യൂണിക്കേഷൻസിൽ നടത്തും.

..........................

2022 ഏപ്രിലിൽ വിജ്ഞാപനം പുറപ്പെടുവിച്ച നാലാം സെമസ്റ്റർ ബി.സി.എ(സി.ബി.സി.എസ്.എസ് 2016, 2015, 2014 അഡ്മിഷനുകൾ സപ്ലിമെന്ററി, 2013 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷയുടെ സോഫ്റ്റ് വെയർ ലാബ് നാല് എന്ന പ്രാക്ടിക്കൽ പരീക്ഷ ഫെബ്രുവരി പത്തിന് പുത്തൻവേലിക്കര പ്രസന്റേഷൻ കോളജിൽ നടത്തും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/146/2023)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്(ന്യൂ സ്കീം 2022 അഡ്മിഷൻ റെഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2017, 2018, 2019, 2020, 2021 അഡ്മിഷൻ റീ അപ്പിയറൻസ്) ഒന്നാം സെമസ്റ്റർ സി.ബി.സി.എസ് ബി.എസ്.സി സൈബർ ഫോറൻസിക്(2022 അഡ്മിഷൻ റെഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019,2020, 2021

അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷകൾക്ക് ഫെബ്രുവരി എട്ടു മുതൽ 14 വരെ ഫീസ് അടച്ച് അപേക്ഷ നൽകാം. ഫൈനോടു കൂടി ഫെബ്രുവരി 15നും സൂപ്പർ ഫൈനോടു കൂടി ഫെബ്രുവരി 16നും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ/39/147/2023)

## യു.ജി.സി നെറ്റ് പരീക്ഷാ പരിശീലനം തുടങ്ങി

യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ യു.ജി.സി നെറ്റ് പരീക്ഷയ്ക്കുള്ള സൗജന്യ പരിശീലനത്തിന് തുടക്കം കുറിച്ചു. ബ്യൂറോ മേധാവി ഡോ. രാജേഷ് മണി ഉദ്ഘാടനം നിർവഹിച്ചു.

ഉപമേധാവി കെ.ആർ. ജയകൃഷ്ണൻ അധ്യക്ഷത വഹിച്ചു. സി.ജെ. നെൽസൺ, കെ.എൻ. ജീവേഷ്, ക്ലിന്റോ ബാബു എന്നിവർ സംസാരിച്ചു.

(പി.ആർ.ഒ/39/148/2023)

## പരീക്ഷാ ഫലം

2022 ഓഗസ്റ്റിൽ നടന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ് ബി.എ, ബി.കോം (മോഡൽ 1, 2, 3 2020 അഡ്മിഷൻ റഗുലർ),സി.ബി.സി.എസ് ബി.ബി.എ, ബി.സി.എ, ബി.ബി.എം, ബി.എഫ്.ടി, ബി.എസ്.ഡബ്ല്യു, ബി.ടി.ടി.എം, ബി.എസ്.എം, ബി.എഫ്.എം (2020 അഡ്മിഷൻ റെഗുലർ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി 20 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ/39/149/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**